(ഇ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഓരോ സ്ലാബിലും ഉണ്ടായിരുന്ന നിരക്കിൽ നിന്നും ഇപ്പോൾ നിലവിലുള്ള നിരക്കിലുണ്ടായിട്ടുള്ള വർദ്ധനവും ശതമാനവും കാണിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ജനകീയാസൂത്രണ-കേരള വികസന പദ്ധതി പ്രകാരം വൈദ്യുതീകരണ ജോലികൾ

2 [874] ശ്രീ. ഇസ്ഹാക് കുരിക്കൾ:
„ യു. സി. രാമൻ:
„ കളത്തിൽ അബ്ദുള്ള:
„ പി. കെ. അബ്ദുറബ്ബ്:
„ ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ-കേരള വികസന പദ്ധതികളുടെ ഭാഗമായി വൈദ്യുതീകരണ ജോലികൾക്കായി വർഷങ്ങൾക്കുമുമ്പ് കെ. എസ്. ഇ. ബി.-യിൽ പണമടച്ചിട്ടും കാത്തിരിക്കുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതുക്കിയ എസ്റ്റിമേറ്റ് നിരക്കിൽ വീണ്ടും പണമടയ്ക്കണമെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെടുന്നതുകൊണ്ട് ഇത്തരം പദ്ധതികൾ മുടങ്ങിക്കിടക്കുകയാണെന്ന കാര്യത്തെക്കുറിച്ച് വിശദീകരിക്കുമോ;

(സി) പ്രസ്തുത പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതാതുവർഷത്തെ നിലവിലുള്ള നിരക്കിൽ പണമടച്ച ജോലികൾക്ക് പുതുക്കിയ നിരക്കിൽ പണമടയ്ക്കേണ്ടതില്ല. ഇക്കാരണത്താൽ പദ്ധതികൾ മുടങ്ങിക്കിടപ്പില്ല.

(സി) ബാധകമല്ല.

ലോഡ് ഷെഡിംഗിന്റെ സമയക്രമത്തിലെ മാറ്റം

3 [875] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോഡ് ഷെഡിംഗിന്റെ സമയക്രമത്തിൽ വരുത്തിയിട്ടുള്ള മാറ്റം (6 പി.എം.-6.30 പി. എം. എന്നതിനുപകരം 6.15. പി. എം.-6.45 പി.എം. എന്ന രീതിയിൽ) ഗാർഹിക ഉപഭോക്താക്കൾക്കും മറ്റും വ്യാപകമായ അസൗകര്യം വരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly